# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 326

13.07.2015-ൽ മറുപടിയ്ക്ക്

## സ്മൈൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) സ്മൈൽ പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് പ്രഥമ ശുശ്രൂഷയും അടിയന്തിര വൈദ്യസഹായവും ലഭ്യമാക്കുന്നതിന് പോലീസുദ്യോഗസ്ഥരെ പ്രാപ്തരാക്കുക, പ്രാഥമിക ശുശ്രൂഷാ ഉപകരണങ്ങളെപറ്റിയുള്ള അവബോധം പോലീസുദ്യോഗസ്ഥർക്ക് ലഭ്യമാക്കുക, അപകട സമയത്ത് സമയോചിതമായ ഇടപെടലുകൾ നടത്തുവാൻ പ്രാപ്തരാക്കുക, പരിക്കേറ്റവരെ അടിയന്തിരമായി ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള ഇടപെടൽ നടത്തുക എന്നിവയാണ് സ്മൈൽ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) റോഡപകടങ്ങളിൽപെടുന്നവർക്ക് പ്രഥമ ശുശ്രൂഷയും അടിയന്തിര വൈദ്യസഹായവും ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) 'ഡയമണ്ട് അവർ 'എന്നറിയപ്പെടുന്ന, അപകടശേഷമുള്ള ആദ്യമണിക്കൂറിൽ, പരിക്കേറ്റയാൾക്ക് ഫലപ്രദമായ പ്രഥമ ശുശ്രൂഷയും ട്രോമാ കെയറും നൽകാൻ ട്രാഫിക്ക് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുക, ആശുപത്രിയിലെത്തിക്കുന്നതിനു മുമ്പുള്ള പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ ഉപകരണങ്ങളും അത്യാവശ്യം വേണ്ട മരുന്നുകളും നൽകുക, പോലീസിലെ |

തെരഞ്ഞെടുക്കപ്പെട്ട സേനാംഗങ്ങൾക്ക് , വിശേഷിച്ച് ഹൈവേ പോലീസിന് പ്രഥമ ശുശ്രൂഷാ പരിശീലനം നൽകുക, അപകടത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് സ്ട്രച്ചസ്, ഓക്സിജൻ സിലിണ്ടർ, മാസ്ക്ക് എന്നീ ആധുനിക ഉപകരണങ്ങളുടെ സജ്ജീകരണങ്ങളും, ഇതര വകുപ്പുകളിലെ നിലവിലുള്ള സംവിധാനങ്ങളും ഉപയോഗപ്പെടുത്തി സന്നദ്ധസംഘടനകളുടേയും ആതുര ശുശ്രൂഷ രംഗത്തുള്ളവരുടേയും സഹകരണം ഉറപ്പു വരുത്തിയും പോലീസ് വകുപ്പിന്റെ സേവനം കൂടുതൽ ഫലപ്രദമാക്കുക എന്നിവ സ്മൈൽ പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ട്.

കൂടാതെ, വാഹനാപകടത്തിൽപ്പെടുന്നവരെ പ്രാഥമിക ചികിത്സ നൽകി ഉടൻ തന്നെ ആശുപത്രികളിൽ എത്തിയ്ക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ട്രോമാകെയർ ട്രെയിനിംഗ് പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ? | (ഡി) | അപകടത്തിൽ ഇരയാകുന്ന വ്യക്തികളെ, മരണത്തിന് ഇടയാക്കാതെ ആദ്യമണിക്കൂറിൽ ഫലപ്രദമായ പ്രഥമ ശുശ്രൂഷ നൽകാൻ ആവശ്യമായ ഉപകരണങ്ങളും, മരുന്നുകളും ആരോഗ്യവകുപ്പ് നൽകുന്നുണ്ട്. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് ലഭ്യമാക്കാൻ ആരോഗ്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ